II ഇ.ബി.XIV-കേരള നിയമസഭ/X-21

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 ഏപ്രിൽ 3, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

65 (*631) പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികവർഗ്ഗ വിഭാഗത്തിൽ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ 15176 കുടുംബങ്ങളും ഭൂരഹിതരും ഭവനരഹിതരുമായ 11594 കുടുംബങ്ങളും ഉൾപ്പെടെ 26770 ഭവനരഹിതരുണ്ടെന്നും ഇവർക്ക് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകളുടെ നിർമ്മാണം നടന്നുവരികയാണ്. 2011-12 മുതൽ 2016-17 വരെ അനുവദിച്ച

24314 വീടുകളിൽ നാളിതുവരെ 6823 എണ്ണം പൂർത്തീകരിക്കുകയും 17491 വീടുകളുടെ പ്രവൃത്തി ലൈഫ് മിഷൻ പദ്ധതിയിലൂടെ പൂർത്തീകരിക്കുന്നതുമാണ്. ഈ സർക്കാരിന്റെ കാലയളവിൽ 12277 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2016-17-ൽ അനുവദിച്ച വീടുകൾ പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ 6 ലക്ഷം രൂപ നിരക്കിൽ വർദ്ധിപ്പിച്ച ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-18 ൽ പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി 2.83 ശതമാനം ഉപപദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി ലഭ്യമാക്കുന്നതിനും പ്രാക്തന ഗോത്ര വിഭാഗക്കാരുടെ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഗ്രാന്റ് ഇൻ എയ്ഡായി നൽകുന്ന പണം തദ്ദേശഭരണ സ്ഥാപനങ്ങളും എസ്.സി./എസ്.ടി. വകുപ്പും സംയുക്തമായി വിവിധ പദ്ധതികളിലൂടെ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും മന്ത്രിതലത്തിൽ പ്രവർത്തനാവലോകനം നടത്തിവരികയും ചെയ്യുന്നു. ആറളം സമഗ്ര വികസനവുമായി ബന്ധപ്പെട്ട് നബാർഡ് സഹായത്തോടെ 42.67 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ അവിടെ ആരംഭിക്കുന്നതാണെന്നും വയനാട് സുഗന്ധഗിരി പ്രോജക്ടിന്റെ ഭാഗമായി 1580 ഏക്കർ സ്ഥലത്ത് 35 കോടി രൂപ ചെലവിൽ ഒരു

സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതാണെന്നും അതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു കർമ്മ സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരണത്തിനായി എഞ്ചിനീയർമാരുൾപ്പെടുന്ന ഒരു ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തി തീരുമാനിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

66 (*632) <u>വനം വകുപ്പിന്റെ നൂതനപദ്ധതികൾ</u>

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, എല്ലാ ജില്ലകളിലും സോഷ്യൽ ഫോറസ്ട്രി വന വികാസ ഏജൻസി രൂപീകരിച്ച് 'ഹരിത സമിതി' മുഖാന്തരം പാതയോര/തീരദേശ വനവൽക്കരണം, ജലാശയങ്ങളുടെ നവീകരണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിവിധ സംരംഭങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും 2018-19 സാമ്പത്തിക വർഷം "ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി" പദ്ധതിയിൻ കീഴിൽ തേക്ക്, ഈട്ടി, ചന്ദനം എന്നിവയുടെ ഒരു വർഷം പ്രായമുള്ള തൈകൾ വിതരണം നടത്തുന്നതിനുള്ള നൂതന പദ്ധതിയുടെ പ്രാഥമിക നടപടി ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജൈവവൈവിദ്ധ്യം പരിപോഷിപ്പിക്കുന്നതിനായി വനത്തിന് പുറത്തും സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ മുൻകാലങ്ങളിൽ നട്ടുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ, യൂക്കാലി തുടങ്ങിയ വിദേശ ഇനം വൃക്ഷങ്ങൾ

ഘട്ടംഘട്ടമായി മുറിച്ചുമാറ്റി പകരം തദ്ദേശീയ ഇനങ്ങളിലുള്ള വൃക്ഷങ്ങളും ഫല വൃക്ഷങ്ങളും ഔഷധ വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ട്. തീരപ്രദേശങ്ങളിൽ നിന്നും ശോഷിച്ചുവരുന്ന കണ്ടൽ വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി വെറ്റ്ലാന്റ് കൺസർവേഷൻ പ്രോജക്ടിന്റെ ഭാഗമായി വിവിധയിനം കണ്ടൽ വൃക്ഷത്തൈകളും മത്സ്യത്തൊഴിലാളികൾക്കും മറ്റ് തീരദേശവാസികൾക്കും ഉപകാരപ്പെടുന്ന ഫല, ഔഷധ വൃക്ഷങ്ങളും തടി ലഭിക്കുന്ന വൃക്ഷങ്ങളും നട്ടുപിടിപ്പിക്കാനും കണ്ടൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടിവെള്ളം, പാചകവാതക കണക്ഷൻ, മീൻകുഞ്ഞുങ്ങളുടെ വിതരണം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാനും ഉദ്ദേശിക്കുന്നുണ്ടെന്നും സ്വകാര്യ കണ്ടൽ കാടുകളുടെ സംരക്ഷണത്തിനായി ഹെക്ടറിന് 4000 രൂപ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടെന്നും മന്ത്രി അറിയിച്ചു. വഴിയോരത്തണൽ, തീരവനം, കുട്ടിവനം, നേച്ചർ അപ്രീസിയേഷൻ സെന്റർ, നക്ഷത്ര വനം, ഔഷധത്തോട്ടം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. സ്വകാര്യ ഭൂമികളിൽ വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും തടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി 10 ഇനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്കും കാവ്, കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ചു പോരുന്ന വ്യക്തി/സംഘടനകൾക്കും പ്രോത്സാഹന

ധനസഹായം നൽകുന്നുണ്ട്. വനവൽക്കരണ പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും / സംഘടനകൾക്കും ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നു. വനവിഭവ ശേഖരണത്തിൽ ഏർപ്പെട്ടിട്ടുള്ള ആദിവാസികൾക്ക് ശാസ്ത്രീയ ശേഖരണം, സംസ്കരണം, വിപണനം എന്നിവയിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. വനവിഭവങ്ങൾക്ക് ഉയർന്ന അടിസ്ഥാന വില നിർണ്ണയിക്കുന്നതിനും കൂടുതൽ വിപണി ലഭിക്കുന്നതിനുമായി ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ (TRIFED)-യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾ, സ്റ്റേഡിയം തുടങ്ങിയവയുടെ ചുറ്റിനും മറ്റ് ലഭ്യമായ സ്ഥലങ്ങളിലും അനുയോജ്യമായ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ആഗോളതാപനത്തിനെതിരെ ഹരിതകവചം സൃഷ്ടിക്കുന്ന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. വനേതര പ്രദേശങ്ങളിൽ വനവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്വീകരിച്ചുവരുന്നുണ്ട്. വനസംരക്ഷണത്തിനായി ബഹുജനപങ്കാളിത്തത്തോടെ ഇ.ഡി.സി., വി.എസ്.എസ്., ജനജാഗ്രതാ സമിതികൾ എന്നിവ രൂപീകരിച്ചിട്ടുണ്ടെന്നും സംസ്ഥാനത്തിന്റെ വനവിസ്തൃതി 29.1 ശതമാനമാണെന്നും വനസമ്പത്തും വനവിസ്തൃതിയും വർദ്ധിപ്പിക്കുക,

സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, പരിസ്ഥിതി, തണ്ണീർത്തടങ്ങൾ, കാവുകൾ, ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിക്കുക, പുനരുപയോഗക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികളാണ് ഗ്രീൻ ഇന്ത്യ മിഷനിലൂടെ ലക്ഷ്യമിടുന്നതെന്നും കടലാക്രമണം തടയുന്നതിനായി തീരദേശത്ത് കണ്ടൽ കാടുകളും മറ്റ് വൃക്ഷങ്ങളും വച്ച് പിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

67 (*633) പട്ടികവർഗ്ഗക്കാർക്ക് സൗജന്യ നിയമസഹായം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് അധിവസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം, 1989 ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ടെന്നും അതിക്രമങ്ങൾക്ക് വിധേയമാകുന്നവരെ പുനരധിവസിപ്പിക്കുക, സൗജന്യ നിയമസഹായം നൽകുക, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് ധനസഹായം നൽകുക തുടങ്ങിയ പരിരക്ഷകൾ ഉറപ്പുവരുത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ്

കമ്മിറ്റിയും മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും സാമൂഹ്യ പ്രവർത്തകർ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്. കേസ്സുകളുടെ അന്വേഷണവും നടത്തിപ്പും സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും മഞ്ചേരി, മാനന്തവാടി, കൊട്ടാരക്കര, മണ്ണാർക്കാട് എന്നിവിടങ്ങളിൽ നാല് സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചുവരുന്നുണ്ട്. കേസുകളുടെ എണ്ണം നോക്കി മറ്റ് ജില്ലകളിൽ സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ ശാക്തീകരിക്കുന്നതിനും നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിക്രമങ്ങളും ചൂഷണങ്ങളും തടയുന്നതിനും നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലം, വീട് എന്നിവ അനുവദിക്കുന്നതിന് മുൻഗണന നൽകുകയും നഷ്ടപരിഹാര തുക ഉപയോഗിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി ഇപ്പോൾ പുറപ്പെടുവിച്ച വിധിയിന്മേൽ റിവ്യൂ ഹർജി

സമർപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത നിയമ പ്രകാരം ഇതുവരെ 2228 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയുടെ കീഴിൽ 14 ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റികളും 62 താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റികളും നിലവിലുണ്ടെന്നും ഈ സ്ഥാപനങ്ങൾ വഴി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വരുമാന പരിധി കണക്കിലെടുക്കാതെ സൗജന്യ നിയമസഹായം നൽകിവരുന്നുണ്ടെന്നും അതോറിറ്റിയുടെ സേവനം സൗജന്യമായി ലഭിക്കുന്നതിനുള്ള വരുമാന പരിധി മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 6256 മുതൽ 6565 വരെയുള്ള ചോദ്യങ്ങളിൽ 159 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)